## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3092 07.11.2019 -ൽ മറുപടിയ്ക്ക്

### സമഗ്ര ശിക്ഷാ പദ്ധതി ഫണ്ട് ലഭ്യത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര ശിക്ഷാ പദ്ധതിയുടെ പ്രവർത്തനത്തിൽ ഫണ്ട് ലഭ്യതയുടെ കുറവ് വന്നിട്ടുണ്ടോ; അതു കാരണം പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സമഗ്രശിക്ഷാ കേരളയുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഫണ്ട് ലഭ്യതയുടെ കുറവ് വന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എപ്രകാരമാണ്; കേന്ദ്ര ഫണ്ട് പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; സംസ്ഥാനവിഹിതം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | 2019-20 വർഷത്തെ വാർഷിക പദ്ധതി പ്രകാരം അംഗീകരിച്ച ആകെ തുകയായ 777.928 കോടി രൂപയിൽ നിന്നും 60 ശതമാനം തുകയായ 466.7568 കോടിരൂപ കേന്ദ്ര വിഹിതമായും 40 ശതമാനം തുകയായ 311.1712 കോടി രൂപ സംസ്ഥാന വിഹിതമായും എസ്.എസ്.കെ യ്ക്ക് ലഭിക്കേണ്ടതാണ്.<br>എന്നാൽ കേന്ദ്ര സർക്കാരിന്റെ പി.എ.ബി മിനിട്ട്സ് പ്രകാരം 242.16 കോടി രൂപ മാത്രമേ സംസ്ഥാനത്തിന് കേന്ദ്രം നീക്കിവച്ചിട്ടുള്ളൂ.<br>പി.എ.ബി. മിനിട്ട്സ് പ്രകാരം അനുവദിച്ച തുകയായ 242.16 കോടി രൂപയിൽ നിന്നും അഡ്ഹോക്ക് തുകയും (55.7998 കോടി രൂപ) ആദ്യഗഡുവും ( 91.6156 കോടി രൂപ ) ചേർത്ത് |

(....2)

147.4154 കോടി രൂപ (എലിമെൻററി വിഭാഗം - 132.4422 കോടി രൂപ, സെക്കണ്ടറി വിഭാഗം - 14.4328 കോടി രൂപ, ടീച്ചർ എഡ്യൂക്കേഷൻ വിഭാഗം 0.5404 കോടി രൂപ ) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൽ അഡ്ഹോക്ക് തുകയുടെ സെക്കണ്ടറി, ടീച്ചർ എഡ്യൂക്കേഷൻ വിഭാഗങ്ങൾക്കായുള്ള സംസ്ഥാന വിഹിതവും ചേർത്ത് 57.5086 കോടി രൂപ റിലീസ് ചെയ്യ് അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യ ഗഡുവിന്റെ സെക്കണ്ടറി വിഭാഗത്തിനുള്ള സംസ്ഥാന വിഹിതവും ചേർത്ത് 99.8889 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേന്ദ്രം അനുവദിച്ച തുകകളുടെ എലിമെന്ററി വിഭാഗത്തിനുള്ള സംസ്ഥാനവിഹിതമായി തദ്ദേശ സ്വയംഭരണ വകുപ്പ് നൽകേണ്ട തുകയിൽ 82.3 കോടി രൂപ ഇതുവരെ സമഗ്രശിക്ഷ കേരളയ്ക്ക് ലഭ്യമായിട്ടുണ്ട്.

സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിതവിജയം, സുരീലി ഹിന്ദി എന്നീ പരിപാടികൾ ഈ വർഷം സ്കൂളുകളിൽ നടത്തി കഴിഞ്ഞോ; വിശദമാക്കാമോ?

സി) മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നീ പദ്ധതികൾ കഴിഞ്ഞ മൂന്നുവർഷമായും ഗണിതവിജയം, സുരീലിഹിന്ദി എന്നീ പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഈ വർഷം ഈ പദ്ധതികൾ പാഠഭാഗവുമായി ബന്ധപ്പെടുത്തികൊണ്ട് ക്ലാസുകളിൽ നടത്തിവരുന്നു. ഈ വർഷഅവധിക്കാല പരിശീലനത്തിൽ ഈ പരിപാടികളെകുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ